LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബഡ്ജറ്റിൽ തുക വകയിരുത്തുന്നത് ധനാഭ്യർത്ഥനയുടെ അടിസ്ഥാനത്തിലാണ്. അതിനാൽ 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിന്റെ ഭാഗമായുള്ള ഉപധനാഭ്യർത്ഥന മുഖേന ഓരോ വകുപ്പിനും ലഭിച്ച അധിക തുക എത്രയാണെന്നുള്ള കണക്ക് ലഭ്യമല്ല. (ഓരോ ധനാഭ്യർത്ഥനയിലും 2014-15-ലെ ഉപധനാഭ്യർത്ഥനവഴി അനുവദിച്ച അധിക തുക അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.) പ്രസ്തുത വിഹിതം 2015 മാർച്ച് 31-ന് മുൻപായി ചെലവഴിച്ചാൽ മതിയാകുന്നതാണ്. ആയതിനാൽ അവ ഓരോന്നിലും ഇപ്പോഴും ചെലവഴിച്ചിട്ടില്ലാത്തവ ഏതെക്കെയാണെന്നും എത്ര തുക വീതം അവശേഷിക്കുന്നുവെന്നുമുള്ള വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ല. *

(ബി) ഉപധനാഭ്യർത്ഥനമുഖേന വകയിരുത്തിയിരിക്കുന്ന വിഹിതം സാമ്പത്തിക വർഷാവസാനത്തിന് മുൻപായി ചെലവഴിച്ചാൽ മതിയാകുന്നതാണ്. ആയതിനാൽ ഉപധനാഭ്യർത്ഥനമുഖേന ലഭിച്ച തുകയിൽ ഒരു രൂപപോലും ചെലവാക്കുവാൻ കഴിയാതിരുന്ന വകുപ്പുകൾ/ നിർദ്ദേശങ്ങൾ ഏതെല്ലാമാണെന്ന വിവരം ഇപ്പോൾ ലഭ്യമല്ല.

ശമ്പള പരിഷ്കരണ കമ്മീഷൻ

200 (540) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ശമ്പളപരിഷ്കരണ കമ്മീഷൻ മുൻപാകെ എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട് ;

(ബി) സെക്ഷൻ ഓഫീസർ, തഹസീൽദാർ എന്നീ തസ്തികകളിലുള്ളവരുടെ ശമ്പള അനോമലി സംബന്ധിച്ച അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 26-11-2014 വരെ 2120 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.